(ബി) ഏതെല്ലാം കായലുകളിൽ ലോട്ടസ് പാർക്ക് ഇപ്പോൾ നിലവിലുണ്ട്;

(സി) ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന കായലുകളിൽ ലോട്ടസ് പാർക്ക് ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

(സി) പരിശോധിക്കാവുന്നതാണ്.

ആയുർവേദ ചികിൽസാ രീതിയുടെ ഗുണനിലവാരം നിലനിർത്തുവാൻ നടപടി

67 [6033] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ആയുർവേദ ചികിൽസാ രീതി വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോൾ അതിന്റെ ഗുണനിലവാരം നഷ്ടപ്പെടുന്നതായുള്ള ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആയുർവേദ കേന്ദ്രങ്ങളെ അവയുടെ ഗുണനിലവാരം അനുസരിച്ച് തരം തിരിക്കാൻ ടൂറിസം വകുപ്പ് പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അനധികൃത ആയുർവേദ പാർലറുകളെ നിയന്ത്രിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോടും, പോലീസ് വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ മെച്ചമാക്കാൻ നടപടി

68 [6034] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ ഇന്ത്യയിലാകെ എത്ര ഇൻഫർമേഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര ഓഫീസുകൾ സംസ്ഥാനത്തിന് പുറത്ത് പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഓഫീസുകളിൽ ഇൻഫർമേഷൻ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഈ ഓഫീസുകളുടെ പ്രവർത്തനം മെച്ചമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19 ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) നാല് (4)

(സി) ഇല്ല.

(ഡി, ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

ടൂറിസത്തിന്റെ വികസനത്തിനായി കേന്ദ്രത്തിൽനിന്നും ലഭിച്ച ധനസഹായം

69 [6035] ശ്രീ. പി. സി. ജോർജ്ജ്:
„ ടി. പി. രാമകൃഷ്ണൻ:
„ വി. കെ. സി. മമ്മദ്കോയ:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ടൂറിസത്തിന്റെ വികസനത്തിനായി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ധനസഹായം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) കേന്ദ്രത്തിൽനിന്നും ലഭിച്ച ധനസഹായം ഏതെല്ലാം മേഖലകളിലാണ് വിനിയോഗിച്ചിരിക്കുന്നത്;

(ഡി) ടൂറിസം മേഖലയുടെ വികസനത്തിനായി പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർക്കാർ സമർപ്പിച്ച ഏതെല്ലാം പ്രോജക്ടുകൾക്ക് ഇതിനകം അനുമതി ലഭിച്ചിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) അനുബന്ധം I കാണുക†.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly